"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - എറണാകുളം തട്ടേക്കാട് സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾസ് മാനേജരും പാലക്കാട് അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.എസ്. ഹെഡ്മിസ്ട്രസ്സ് ശ്രീമതി.ബിനി എം.കെ.യും ചേർന്ന് ഫയൽ ചെയ്ത WP(C)No. 22621/2022 കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 12.08.2022 തീയതി വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3969/2023/GEDN തീയതി, തിരുവനന്തപുരം, 05-07-2023

---

പരാമർശം:-

1. പാലക്കാട് അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.എസ്. ഹെഡ്മിസ്ട്രസ്സ് ശ്രീമതി.ബിനി എം.കെ. സർക്കാരിൽ സമർപ്പിച്ച 06/08/2022 തീയതിയിലെ പരിശോധനാ ഹർജി(Ext.P15).
2. ബഹു. കേരള ഹൈക്കോടതിയുടെ 12.08.2022-ലെ W.P.(C)No. 22621/2022-ന്മേലുള്ള വിധിന്യായം.
3. കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/01/2023 തീയതിയിലെ എഫ്/1478/2022 നമ്പർ കത്ത്.
4. ചിറ്റൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/01/2023 തീയതിയിലെ ഡി/1643/2022 നമ്പർ കത്ത്.
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18/01/2023 തീയതിയിലെ ഡിഡിഇപികെഡി/3353/2022- ബി2 നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/01/2023 തീയതിയിലെ ജി1/17619/2022/ഡിജിഇ നമ്പർ കത്ത്.
7. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 30/01/2023 തീയതിയിലെ ബി5/4468/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം തട്ടേക്കാട് സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾസ് മാനേജരും പാലക്കാട് അച്ചനാംകോട് സെന്റ് മേരീസ്

എൽ.പി.എസ്. ഹെഡ്മിസ്ട്രസ്സ് ശ്രീമതി.ബിനി എം.കെ.യും ചേർന്ന് ഫയൽ ചെയ്ത WP(C)No.22621/2022 കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext. P15) പുനഃപരിശോധനാ ഹർജി, ഹർജിക്കാരെ കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരിയെയും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും പ്രതിനിധികളെയും 25.01.2023 തീയതിയിൽ ഗൂഗിൾ മീറ്റ് സംവിധാനം മുഖേന കേട്ടു.

**2.ഹർജിക്കാരിയായ ശ്രീമതി.ബിനി എം.കെ.യുടെ പരിശോധനാ ഹർജിയിലെ അപേക്ഷ ഇപ്രകാരമാണ്:**

Sangeetha Society Management Corporate Aided Schools owned by Sangeetha Agri Industrial Social Welfare and Educational Society is a Corporate Education Agency. There are 3 Schools under the Management viz., (1) TA LPS, Kollengode and (2) ALPS, Achanamkode, Kollengode (now renamed as St.Mary's LP School, Achanamkode) under the AEO, Kollengode and (3) ALPS, Ramassery, under the AEO, Chittur.

Petitioner commenced service as LPSA in ALPS Ramassery on 05.11.1990, belonging to an individual Educational Agency. While so, ALPS, Ramassery is transferred to Sangeetha Society Management Corporate Aided Schools. In terms of Rule 36A Chapter XIV A KER, when a School under one Educational Agency is transferred to another Educational Agency with the approval of the competent authority, the various categories of teachers in the School sought transferred shall be integrated with corresponding categories of teachers already working on the date of transfer in the Schools under the Educational Agency to which the transfer is made. It is further stated that the common seniority of all teachers of the School sought to be transferred and the Schools existing under the Educational Agency to which the transfer is made on the date of transfer shall be decided according to the length of continuous service of all such teachers transferred to the Educational Agency and existing under it on the date of transfer. Accordingly, Petitioner is entitled to get her seniority in the cadre of LPSA, amongst the teachers under the management considering her continuous service from 05.11.1990. Thus, the Petitioner is the second senior most Assistant Teacher under the Management.

A vacancy of HM occurred at St.Mary's LPS Achanamkode, Kollankode under the Educational Agency on 01.06.2022. Smt. ‘Sankunthala P., senior to the Petitioner relinquished her claim for promotion as Headmistress. The relinquishment letter of Smt.Sakunthala P. is approved by the Assistant Educational Officer Kollangode. Being the next person in the queue and fully qualified for promotion as headmistress, Manager has

promoted the Petitioner as HM of the School w.e.f 01.06.2022, vide Order No. 1/2022-23 dated 01.06.2022. Apprehending delay in consideration of her promotion, she filed Writ Petition (Civil) No.22621/2021 before the Hon'ble High Court of Kerala. While so, the Assistant Educational Officer rejected the proposal of the promotion of the Petitioner contending that final seniority list is not approved and that the proposal submitted is not in full shape, vide Order No.F/29785/2022 dated 25/07/2022. Being aggrieved with the same, this Revision is filed on the following among other.

Petitioner commenced service as LPSA in ALPS, Ramasesery on 05.11.1990 belonging to an individual Educational Agency. While so, ALPS, Ramasesery is transferred to Sangeetha Society Management Corporate Aided Schools. The Corporate Management was having two Schools viz, (1) TA LPS, Kollengode and (2) ALPS, Achanamkode, Kollengode (now renamed as St. Mary's LP School, Achanamkod) when ALPS Ramasesery is transferred to the said Educational Agency.

In terms of Rule 36A Chapter XIV A KER, when a School under one Educational Agency is transferred to another Educational Agency, the various categories of teachers in the School sought to be transferred shall be integrated with corresponding categories of teachers already working on the date of transfer in the Schools under the Educational Agency, to which the transfer is made and the common seniority of all teachers of the School sought to be transferred and the Schools existing under the Educational Agency to which the transfer is made on the date of transfer shall be decided according to the length of continuous service of all such teachers transferred to the Educational Agency and existing under it on the date of transfer. Accordingly, Petitioner is entitled to get seniority in the cadre of LPSA amongst the teachers under the management considering her continuous service from 05.11.1990. Thus, the Petitioner is the second senior most Assistant Teacher under the Management.

A vacancy of HM occurred at St Mary's LPS Achanamkode, Kollankode under the Educational Agency on 01.06.2022. Smt. Sankunthala P., senior to the Petitioner relinquished her claim for promotion as Headmistress. It is approved by the Assistant Educational Officer, Kollangode. Being the next person in the queue and fully qualified for promotion as Headmistress, Manager has promoted the Petitioner as HM of the School w.e.f 01.06.2022. The Assistant Educational Officer has, however, rejected the proposal of the promotion of the Petitioner contending that final seniority list is not approved and that the proposal submitted is not in full shape.

It is submitted that the combined seniority list is pending approval before the DEO, Palakkad. The Provisionally approved seniority list signed by all the teachers was produced before the Assistant Educational Officer. He has no case that promotion was given that petitioner superseding any of her seniors. The other objection is a curable one and it can be cured on giving notice to the Manager. Hence the impugned order is highly

illegal and unsustainable.

Petitioner apprehend that her salary in the lower scale would be denied pending approval. The Director vide letter no. DGE/8272/2020-G1 dated 13.01.2021 ordered to pay the lower scale of the Headmistress of ALPS, Ramassery, under the very same Educational Agency pending approval.

Due to non-approval of promotion of Petitioner, the salary of teachers in St.Mary's L.P.S., Achanamkode is not being disbursed. Hence, pending a decision in the Revision Petition, approval may be granted to the Petitioner as drawing and disbursing officer.

In the above circumstances your goods self may be kind enough to call for order no. F/29785/2022 dtd 25.7.2022 and set aside the same and thereby order to approve the promotion of the Petitioner covered by promotion order no. 1/2022-23 dtd 1.6.2022 in the interest of justices.

Pending the Revision Petition, your goodself may be kind enough to order payment of lower scale salary to the Petitioner, in fairness. Pending decision in the Revision Petition your good self may also be kind enough to approve the Petitioner as drawing and disbursing of officer, St. Mary's L.P.S., Achanamkode enabling her to draw and disburse the salary of teachers in the School in the interest of justice.

### 3.മാനേജരുടെ പ്രതിനിധി ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു:

The Hon'ble High Court of Kerala by Judgment dtd 12.8.2022 directed the Government to take a decision on the Revision Petition filed by Smt. Biny.M.K, Headmaster of the School under Sangeetha Agri Industrial Social Welfare and Educational Society in a time bound manner. Government have issued the letter no.B3/251/2022/GEdn dtd 12.9.2022 to remit the above Revision Petition on the ground that it was filed without exploring the possibility of appeal chances. Since the above action is illegal and irregular, it would amount to contempt of the direction of the Hon'ble High Court of Kerala. In terms of the Bench decision of the Hon'ble High Court of Kerala reported in 1987 KHC 145 = 87 (1) KLT 472, a Revision Petition is maintainable against the order of the lower authority, even if appeal provision is there. Therefore, the Govt. letter referred above is legally unsustainable. If a revision is filed, it has to be decided by way of a Government Order in the name of Governor, in terms of the Rules of Business of the Government of Kerala. Here it is a Government letter and not a Government Order. In that score, it is irregular. A remission under Rule 92 to a lower authority can be done only after calling for the records and found that only lower authority can effectively decide the matter taking into facts of the case. It is not done. Hence, the decision in the Govt. letter cited is unsustainable. Apart from the above reason, disregarding the direction of the Hon'ble High Court of Kerala for considering the Revision by the Government, the matter is remitted without considering it on merit. It is contemptuous.

In the above circumstances your good self may be kind enough to recall the Govt. letter and thereby decide the Revision Petition filed by Smt. Biny on merits in a time

bound manner in order to avoid further legal proceedings in the matter.

**4.ചിറ്റൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

കൊല്ലങ്കോട് വിദ്യാഭ്യാസ ഉപജില്ലയുടെ കീഴിലുള്ള അച്ചനാംകോട് സെന്റ്മേരീസ് എൽ.പി. സ്കൂളിൽ ഉണ്ടായ പ്രധാനാദ്ധ്യാപികയുടെ ഒഴിവിലേക്ക് 1-6-2022 മുതൽ ചിറ്റൂർ വിദ്യാഭ്യാസ ഉപജില്ലയുടെ കീഴിലുള്ള രാമശ്ശേരി എഎൽപി സ്കൂളിലെ എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി.എം.കെ.ബിനിയെ സ്ഥാനക്കയറ്റം നൽകി ബന്ധപ്പെട്ട മാനേജർ നിയമിച്ചിരുന്നു.

ചിറ്റൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാരപരിധിയിലുള്ള രാമശ്ശേരി എഎൽപി വിദ്യാലയത്തിന്റെ ഉടമസ്ഥാവകാശത്തോട് കൂടിയുള്ള മാനേജരായി 14-6-2021-ന് സംഗീത അഗ്രി സൊസൈറ്റിയുടെ പ്രസിഡന്റായ ശ്രീ.ടി.പി.വർഗ്ഗീസ് കുട്ടിയെ ഈ കാര്യാലയത്തിലെ ഡി/209/18/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിരുന്നു. സംഗീത സൊസൈറ്റിക്ക് കീഴിൽ കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാരപരിധിയിൽ താഴെ പറയുന്ന ലോവർ പ്രൈമറി വിദ്യാലയങ്ങൾ കൂടി ഉണ്ട്.

1). സെന്റ് മേരീസ് എൽപിഎസ്, അച്ചനാംകോട്

2). ടിഎഎൽപിഎസ്, കൊല്ലങ്കോട്

രണ്ട് ഉപജില്ലകളിലായുള്ള മേൽ കാണിച്ച മൂന്ന് വിദ്യാലയങ്ങളേയും ചേർത്ത് ശ്രീ.ടി.പി.വർഗ്ഗീസ് കുട്ടിയെ കോർപ്പറേറ്റ് മാനേജരാക്കി നിയമിക്കേണ്ടതും, സംയുക്ത സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിച്ചു നൽകേണ്ടതും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആണ്.

മേൽപ്പറഞ്ഞ വിദ്യാലയങ്ങളുടെ മാനേജർഷിപ്പും സംയുക്ത സീനിയോരിറ്റി ലിസ്റ്റിന്റെ അംഗീകാരവുമായി ബന്ധപ്പെട്ട്, മാനേജർ ടി.പി.വർഗ്ഗീസ്കുട്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നമ്പർ. 34029/2022-ന്റെ 26-10-2022-ലെ വിധിന്യായം പ്രകാരം കേസിലെ 4-ാം എതിർകക്ഷിയായ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് മേൽ വിഷയം പരിശോധിച്ച് വിധിന്യായ തിയ്യതി മുതൽ 4 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. മേൽ വിഷയം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിഗണനയിലാണ്.

**5.പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

സംഗീത സൊസൈറ്റി കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലെ വിദ്യാലയങ്ങളുടെ കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കാത്തത് സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

സംഗീത സൊസൈറ്റി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഉടമസ്ഥാവകാശത്തിന് കീഴിൽ ചിറ്റൂർ, കൊല്ലങ്കോട് ഉപജില്ലകളിലായി താഴെ പറയുന്ന 3 വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നു.

i. എ.എൽ.പി.എസ്., രാമശ്ശേരി - ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ചിറ്റൂർ

ii.ടി.എ.എൽ.പി.എസ്., കൊല്ലങ്കോട് - ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കൊല്ലങ്കോട്

iii. സെന്റ് മേരീസ് എൽ.പി.എസ്., അച്ചനാംകോട് - ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കൊല്ലങ്കോട്

രണ്ട് ഉപജില്ലകളിലായി വിദ്യാലയങ്ങൾ ഉള്ളതിനാൽ അധ്യാപകരുടെ കമ്പയിൻഡ് സീനിയോരിറ്റി ലിസ്റ്റ് 01/01/2021 പ്രകാരമുള്ളത് ഈ കാര്യാലയത്തിലേക്ക് അംഗീകാരത്തിന് നൽകുകയും, അത് പ്രൊവിഷണലായി അംഗീകരിച്ചു നൽകുകയും ചെയ്തിരുന്നു.

താൽക്കാലിക അംഗീകാരം നൽകിയ സീനിയോരിറ്റി ലിസ്റ്റിൻമേൽ രാമശ്ശേരി എ.എൽ.പി.എസ്.ലെ എൽ.പി.എസ്.ടി. ആയ ശ്രീമതി. ബിനി എം.കെ. പരാതി ഉന്നയിച്ച സാഹചര്യത്തിൽ, വിഷയം തീർപ്പാക്കുന്നതിനായി ഈ കാര്യാലയത്തിൽ വച്ച് കൂടികാഴ്ച നടത്തുകയും, കൂടികാഴ്ച വേളയിൽ ഈ വിദ്യാലയങ്ങളുടെ കോർപ്പറേറ്റ് മാനേജർക്ക് വകുപ്പുതല അംഗീകാരം ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെടുകയും ചെയ്തു.

കോർപ്പറേറ്റ് മാനേജരായി വകുപ്പുതല അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കമ്പയിൻഡ് സീനിയോരിറ്റി ലിസ്റ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകി താൽക്കാലിക അംഗീകാരം നൽകിയ ലിസ്റ്റ് അന്തിമാംഗീകാരം നൽകാതെ ഈ കാര്യാലയത്തിൽ നിന്നും മടക്കി നൽകിയിട്ടുണ്ട്.

നിലവിൽ കോർപ്പറേറ്റ് മാനേജരെ അംഗീകരിക്കുന്നതിനുള്ള അപേക്ഷ സൊസൈറ്റി പ്രസിഡന്റ് ഈ കാര്യാലയത്തിലേക്ക് നൽകുകയും അതിൽ സൊസൈറ്റിയുടെ 2009-ൽ വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകരിച്ച ഭരണഘടനയിൽ 2021-ൽ ഉടമസ്ഥാവകാശം ലഭിച്ച രാമശ്ശേരി എ.എൽ.പി.എസ്.ന്റെ പേര് ഉൾപ്പെട്ടതിനാൽ കോർപ്പറേറ്റ് മാനേജരെ അംഗീകരിക്കുന്നതിൽ വ്യക്തതക്കുറവ് ഉണ്ടായിട്ടുണ്ട്.

ഈ വിഷയത്തിൽ സംഗീത സൊസൈറ്റി കോർപ്പറേറ്റ് മാനേജ്മെന്റ് ചെയർമാൻ ശ്രീ. ടി.പി. വർഗ്ഗീസ്കുട്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 34029/2022-ന്മേൽ 26/10/2022-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 4-ാം എതിർകക്ഷിയായ ഈ കാര്യാലയത്തിനോട് കോർപ്പറേറ്റ് മാനേജരെ അംഗീകരിക്കണമെന്ന അപേക്ഷയും കമ്പയിൻഡ് സീനിയോരിറ്റി ലിസ്റ്റ് അംഗീകരിക്കണമെന്ന അപേക്ഷയും പരിശോധിച്ച് നാലു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

കോടതി വിധിന്യായം നടപ്പിലാക്കുന്നതിലേക്ക് 16/01/2023, 20/01/2023 തിയതികളിൽ പെറ്റീഷണറെ ഉൾപ്പെടുത്തി കൂടികാഴ്ച നടത്തുകയും അതിനുമേൽ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

നിലവിൽ സംഗീത സൊസൈറ്റി കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള വിദ്യാലങ്ങളുടെ കോർപ്പറേറ്റ് മാനേജരായി ശ്രീ. ടി.പി വർഗ്ഗീസ്കുട്ടിയെ

അംഗീകരിച്ചു നൽകുകയോ, ഈ വിദ്യാലയങ്ങളുടെ കമ്പയിൻഡ് സീനിയോരിറ്റി ലിസ്റ്റ് അംഗീകരിച്ചു നൽകുകയോ ചെയ്തിട്ടില്ല.

**6.** സർക്കാർ ഇക്കാര്യം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അച്ചനാംകോട് സെന്റ് മേരീസ് എൽ.പി. എസ്സ്.ൽ ഹെഡ്മിസ്ട്രസ്സ് തസ്തികയിൽ **01.06.2022** തീയതി മുതൽ നൽകിയ നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം. ടി വിഷയത്തിൽ ചുവടെ ചേർക്കുന്ന വസ്തുതകൾ ബോധ്യപ്പെട്ടുഛ

**i.** അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.എസ്.ൽ ഹെഡ്മിസ്ട്രസ്സ് ഇൻ ചാർജ്ജ് ആയിരുന്ന ശ്രീമതി.എൽസി സി.ഒ. **31.05.2022**-ന് വിരമിച്ച ഒഴിവിൽ രാമശ്ശേരി എ.എൽ.പി.സ്കൂളിൽ ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റായ ശ്രീമതി.ബിനി എം.കെ.യെ **01.06.2022** മുതൽ മാനേജർ പ്രധാനാധ്യാപികയായി നിയമിച്ചു.

**ii.** എറണാകുളം സംഗീത സൊസൈറ്റി മാനേജ്മെന്റിന്റെ കീഴിൽ കൊല്ലംകോട് ഉപജില്ലയിൽ അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.എസ്, കൊല്ലംകോട് **TALPS**, പാലക്കാട് ചിറ്റൂർ ഉപജില്ലയിൽ രാമശ്ശേരി **ALPS** എന്നിങ്ങനെ മൂന്ന് സ്കൂളുകൾ ഉണ്ടെന്നും, ടി സ്കൂളുകളെ ഉൾപ്പെടുത്തി ഒറ്റ യൂണിറ്റാക്കി ഒരു പൊതു സീനിയോറിറ്റി ലിസ്റ്റ് നാളിതുവരെ തയ്യാറാക്കി മാനേജർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ലാത്തതിനാൽ തസ്തിക ഇല്ലാതെ തുടരുന്ന അധ്യാപകരെ ക്രമീകരിക്കുവാൻ സാധിക്കാതെ വന്നിരിക്കുന്നതിനാൽ ടിയാരിയുടെ നിയമനം അംഗീകരിച്ചിട്ടില്ലെന്നും ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**iii.** ടി വിദ്യാലയങ്ങളുടെ മാനേജർഷിപ്പും സംയുക്ത സീനിയോറിറ്റി ലിസ്റ്റിന്റെ അംഗീകാരവുമായി ബന്ധപ്പെട്ട്, മാനേജർ ശ്രീ.ടി.പി.വർഗ്ഗീസ് കുട്ടി ഫയൽ ചെയ്തിട്ടുള്ള **WP(C)No.34029/2022** കേസിന്റെ **26.10.2022**-ലെ വിധിന്യായം പ്രകാരം, **R4** ആയ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ടി വിഷയം പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

**7.** എറണാകുളം തട്ടേക്കാട് സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് മാനേജുമെന്റിന്റെ മാനേജർഷിപ്പും സംയുക്ത സീനിയോറിറ്റി ലിസ്റ്റിന്റെ അംഗീകാരവുമായി ബന്ധപ്പെട്ട്, മാനേജർ ശ്രീ.ടി.പി.വർഗ്ഗീസ് കുട്ടി ഫയൽ ചെയ്തിട്ടുള്ള **WP(C)No. 34029/2022** കേസിന്റെ **26.10.2022**-ലെ വിധിന്യായം പ്രകാരം ടി വിഷയം പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ

പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയതനിസരിച്ച് 16/01/2023, 20/01/2023 തീയതികളിൽ ഹർജിക്കാരനെ ഉൾപ്പെടുത്തി കൂടികാഴ്ച നടത്തുകയും അതിനുമേൽ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു എന്നും, നിലവിൽ സംഗീത സൊസൈറ്റി കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള വിദ്യാലങ്ങളുടെ കോർപ്പറേറ്റ് മാനേജരായി ശ്രീ. ടി.പി വർഗ്ഗീസ്കുട്ടിയെ അംഗീകരിച്ചു നൽകുകയോ, ഈ വിദ്യാലയങ്ങളുടെ കമ്പയിൻഡ് സീനിയോരിറ്റി ലിസ്റ്റ് അംഗീകരിച്ചു നൽകുകയോ ചെയ്തിട്ടില്ല എന്നും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

**8.** മേൽ സാഹചര്യത്തിൽ, ടി നടപടി ക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി, എറണാകുളം സംഗീത സൊസൈറ്റി മാനേജ്മെന്റിന്റെ കോർപ്പറേറ്റ് മാനേജരായി ശ്രീ. ടി.പി വർഗ്ഗീസ്കുട്ടിയെ നിയമിക്കുന്ന വിഷയത്തിൽ ചട്ടപ്രകാരം അടിയന്തര തീരുമാനമെടുത്ത്, ടി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളെ ഒറ്റ യൂണിറ്റാക്കി കണക്കാക്കി കെ.ഇ.ആർ. അദ്ധ്യായം XIV A ചട്ടം 35 പ്രകാരവും 25-5-2022-ലെ ജെ1/10/2022-പൊവിവ നം. സർക്കുലർ പ്രകാരവും സംയുക്ത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അംഗീകാരം നൽകുന്ന വിഷയത്തിൽ അടിയന്തര തീരുമാനമെടുക്കാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും; അപ്രകാരം ലഭ്യമാക്കുന്ന അംഗീക്ൃത സീനിയോറിറ്റി ലിസ്റ്റിൽ ഹർജിക്കാരിയായ ശ്രീമതി.ബിനി എം.കെ. ഹെഡ്മിസ്ട്രസ്സ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് 27/11/2022-ലെ ജെ1-1-2021-പൊവിവ നം. സർക്കുലറും 27/12/2022-ലെ ജെ1-1-2021-പൊവിവ നം. കത്തും പ്രകാരം അർഹത നേടുന്ന പക്ഷം, ഒഴിവ് വ്യവസ്ഥാപിതമാണെന്ന് ഉറപ്പാക്കി, ടിയാരിയുടെ ഹെഡ്മിസ്ട്രസ്സ് തസ്തികയിലെ നിയമനം, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, നിയമനത്തീയതിയായ 01.06.2022 മുതൽ അംഗീകാരം നൽകുന്നതിന് കൊല്ലംകോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകി, WP(C)No. 22621/2022 കേസിലെ രണ്ടാം ഹർജിക്കാരിയായ ശ്രീമതി.ബിനി. എം. കെ സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 പുനഃപരിശോധനാ ഹർജി (EXT P15) തീർപ്പാക്കി, അപ്രകാരം എറണാകുളം തട്ടേക്കാട് സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾസ് മാനേജരും പാലക്കാട് അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.എസ്. ഹെഡ്മിസ്ട്രസ്സ് ശ്രീമതി.ബിനി എം.കെ.യും ചേർന്ന് ഫയൽ ചെയ്ത WP(C)No.22621/2022 കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**REENA O**

അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലങ്കോട്, പാലക്കാട് ജില്ല.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചിറ്റൂർ, പാലക്കാട് ജില്ല.
മാനേജർ, സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾസ് സംഗീത അഗ്രി ഇൻഡസ്ട്രീസ് സോഷ്യൽ വെൽഫെയർ ആന്റ് എഡ്യൂക്കേഷണൽ സൊസൈറ്റി, തട്ടേക്കാട്. പി ഒ, പാലമറ്റം, കോതമംഗലം, എറണാകുളം-686691.
ശ്രീമതി. ബിനി എം.കെ., സെന്റ് മേരീസ് എൽ.പി.സ്കൂൾ, അച്ചനാംകോട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 05-07-2023 14:18:50
സെക്ഷൻ ഓഫീസർ